കേരള സർക്കാർ

.

സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അങ്കമാലി ബ്ലോക്ക് പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2017-18

.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്

എറണാകുളം

e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)
നം.കെ.എസ്.എ.-ഇകെഎം(ബി.പി)288/2019

സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം ജില്ല
e-mail.lfadekm@gmail.com
0484- 247771
തീയതി.12/03/2019

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അങ്കമാലി ബ്ലോക്ക്പഞ്ചായത്ത്

സർ,

വിഷയം : അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്
******************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അങ്കമാലി ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2 ലെയും 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), എറണാകുളം.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.-ഇകെഎം(ബി.പി)288/19

സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം ജില്ല
തീയതി.12/03/2019
e-mail.lfadekm@gmail.com
0484- 247771

## എറണാകുളം ജില്ലയിലെ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റ് ചെയ്തു. പഞ്ചായത്ത് 01.04.2017 മുതൽ 31.03.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭ്യമായ മറുപടി പരിഗണിച്ചതിനു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.
സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | മിനിമോൾ കെ.ജി.<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.02.2019 മുതൽ 21.02.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ഷേർളി പീറ്റർ,<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ.പ്രസാദ്.പി.ജി,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. വിജു. എം.എസ്.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

### (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പി.ടി.പോൾ | 01.04.2017 മുതൽ<br>31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.ഏണസ്റ്റ്.സി.തോമസ് | 01.04.2017 മുതൽ<br>20.11.2017 വരെ |

| | | |
|---|---|---|
| | ശ്രീമതി.രാധാമണി.ടി.സി (ജോയിന്റ്.ബി.ഡി.ഒ-അഡീഷണൽ ചാർജ്) | 21.11.2017 മുതൽ 31.03.2018 വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീ. ഫിലിപ് വർഗ്ഗീസ്. | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി. ഷൈനി. സി.വി. | 01.04.2017 മുതൽ 22.09.2017 വരെ |
| | ശ്രീമതി.ശ്രീലത.പി.ആർ | 23.09.2017 മുതൽ 31.03.2018 വരെ |
| എസ്.സി.ഡെവലപ്മെന്റ് ഓഫീസർ | ശ്രീമതി. ആലീസ് കെ സുമോൾ | 01.04.2017-12.05.17, 12.06.17-28.06.17, 19.07.17-09.12.17 |
| | ശ്രീ. എസ്.പ്രദീപ് കുമാർ | 13.05.2017 മുതൽ 11.06.2017 വരെ |
| | ശ്രീ. സി.പി.അഗസ്റ്റിൻ | 29.06.2017 മുതൽ 18.07.2017വരെ |
| | ശ്രീ.ഡി.ഷാജി. | 10.12.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ. നസീമ. നജീബ് | 01.04.2017 മുതൽ 01.08.2017 വരെ |
| | ഡോ. പുഷ്പ | 02.08.2017 മുതൽ 31.03.2018 വരെ |
| ഡയറി ഡെവലപ്മെന്റ് ഓഫീസർ | ശ്രീമതി. അന മുരളി | 01.04.2017 മുതൽ 07.10.2017 വരെ |
| | ശ്രീമതി. ഷഫീന.എം | 10.11.2017 മുതൽ 31.03.2018 വരെ |
| | ശ്രീ. രതീഷ് ബാബു.സി(ഇൻ ചാർജ്) | 07.10.2017 മുതൽ 09.11.2017 വരെ |
| ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്റ്റ് ഓഫീസർ(അഡീഷണൽ) | ശ്രീമതി. ശ്യാമള.. പി. എം | 01.04.2017 മുതൽ 31.03.2018 വരെ |
| ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്റ്റ് ഓഫീസർ | ശ്രീമതി. ഇന്ദിര. പി.എസ് | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം ( വാർഷിക ധനകാര്യ പത്രിക പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| | <u>ഭാഗം 3</u> | |
| 12 | ഡയാലിസിസ് സെന്ററിന് പശ്ചാത്തലസൗകര്യമൊരുക്കൽ-ചെയ്തത് ട്രസ്സ് വർക്ക് | 3-1 |
| 13 | വൃദ്ധജനങ്ങൾക്ക് മരുന്നുവാങ്ങൽ പ്രോജക്റ്റ് ഫലപ്രദമായില്ല | 3-2 |
| 14 | പട്ടികജാതി യുവാക്കൾക്ക് വിദേശത്ത് ജോലി- രേഖകൾ ഹാജരാക്കിയില്ല. | 3-3 |
| 15 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- ചെലവു തുക തടസ്സപ്പെടുത്തുന്നു | 3-4 |
| 16 | വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ സംബന്ധിച്ച് | 3-5 |
| 17 | നിർമ്മൽ പുരസ്കാരത്തുക ചെലവഴിക്കാതെ അവശേഷിക്കുന്നു | 3-6 |
| 18 | ഐ.എ.വൈ ഭവന പദ്ധതി -ബാലൻസ് ഫണ്ടിന്റെ കൃത്യത ഉറപ്പു വരുത്തണം | 3-7 |
| 19 | മരാമത്ത് പ്രവൃത്തികൾ- അപാകതകൾ | 3-8 |
| 20 | ഫണ്ട് വകയിരുത്തുന്നത് കുറവ് | 3-9 |
| | ഭാഗം 4 | |
| 21 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 22 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 23 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 24 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 25 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 26 | ഓഡിറ്റ് റിക്കവറി | 4-6 |
| 27 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 30 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |
| 31 | ബാലൻസ് ഷീറ്റ് | അനുബന്ധം 2 |
| 32 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം 3 |
| 33 | റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം 4 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

17.3.2017 തിയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | 04.06.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരി ശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 05.10.2018 & 06.10.2018 | കെ.എസ്.എ.- ഇ.കെ.എം(ബിപി)2110/2018 |

| | | |
|---|---|---|
| | | തീയതി 23.10.2018 |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,45,51,799 |
| വരവ് | 5,56,26,235 |
| ആകെ | 8,01,78,034 |
| ചെലവ് | 6,21,81,134 |
| നീക്കിയിരിപ്പ് | 1,79,96,900 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് (അലോട്ട്മെന്റ്) | ആകെ | ചെലവ് | ലാപ്സായ തുക | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് - ജനറൽ | 0 | 33026328 | 33026328 | 32898343 | 127985 | 0 |
| വികസനഫണ്ട്-എസ്.സി.പി. | 0 | 10845000 | 10845000 | 9711799 | 1133203 | 0 |
| വികസനഫണ്ട് - ടി.എസ്.പി. | 0 | 279000 | 279000 | 279000 | 0 | 0 |
| സംരക്ഷണഗ്രാന്റ്-റോഡ് | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ്-നോൺറോഡ് | 0 | 5108473 | 5108473 | 4692975 | 415498 | 0 |
| ജില്ലാ സഹകരണ ബാങ്ക്, അങ്കമാലി | 16000 | - - | - | - | - | 16000 |
| യൂണിയൻ ബാങ്ക് അങ്കമാലി IAY | 10287775 | 395865 | 10683640 | 947892 | - | 9735748 |
| എസ്.ബി.റ്റി. – വിവിധം | 927525 | 132813 | 1060388 | 91995 | - | 968343 |
| ദേന ബാങ്ക് – IAY – Admn | 42401 | 15807 | 58208 | 27916 | - | 30292 |
| കാനറ ബാങ്ക് – TSC | 2126453 | 85641 | 2212094 | 3904 | - | 2208190 |
| ദേന ബാങ്ക് MKSP | 0 | 48159 | 48159 | 48000 | - | 159 |
| യൂക്കോ ബാങ്ക് -IAY-DP, GP | 8554391 | 702897 | 9257288 | 4500931 | - | 4756357 |

| | | | | | | |
|---|---|---|---|---|---|---|
| ട്രഷറി അക്കൗണ്ട് | 2597254 | 3807088 | 6404342 | 6402531 | - | 1811 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 87 | 60419271 | 82 | 48260492 | 0 | 5 | 94 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 14889 | 821054 | 835943 | 834760 | 1183 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 0 | 0 | 0 | 0 |
| ആകെ | 14889 | 821054 | 835943 | 834760 | 1183 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.02.2019 ന് ഹെഡ് ക്ലാർക്കിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഒന്നും തന്നെയില്ല എന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1.ഓരോ വർഷവും സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർഥമൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നല്കിയും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്ന്

ഉറപ്പുവരുത്തുന്നില്ല.

2.പ്രോജക്റ്റുകളുടെ മോണിറ്ററിംഗ് കൃത്യമായി നടത്തുന്നില്ല.

3.ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള അടഞ്ഞു കിടക്കുന്ന വൃദ്ധസദനം,തവളപ്പാറയിലെ സ്കിൽ എക്സലൻസ് സെന്റർ, ഉറവൂരിലെ ജെറിയാട്രിക് സെന്റർ തുടങ്ങിയ കെട്ടിടങ്ങൾ ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടികൾ തൻവർഷവും സ്വീകരിച്ചുകാണുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.07.2018 | 2017-18 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.03.14 -17.03.14 | 2010-11 മുതൽ 2012-13 വരെ | 28.05.2014 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

- ഇല്ല

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഡയാലിസിസ് സെന്ററിന് പശ്ചാത്തലസൗകര്യമൊരുക്കൽ-ചെയ്യുത് ട്രസ്സ് വർക്ക്

പ്രോജക്റ്റ് നം -എസ് 0062/18

അടങ്കൽ - 552000/-

ചെലവ് - 379932/-

ബിൽ നം - 42/17-18/22-3-18

നിർവ്വഹണം -അസി.എക്സി.എഞ്ചിനീയർ ,എൽ.എസ്.ജി.ഡി.

മറ്റൂർ സാമൂഹ്യാരോഗ്യകേന്ദ്രത്തിൽ ഡയാലിസിസ് സെന്ററിന് പശ്ചാത്തലസൗകര്യമൊരുക്കൽ എന്ന പ്രോജക്ടിനായ് 552000/- രൂപ വകയിരുത്തി.31-5-17 ന് (41133/17/ഡിപിസി /ഡിഡിഒ /എറണാകുളം)ഡിപിസി അംഗീകാരം ലഭിച്ച പ്രോജക്ടിന്റെ കരാർ തിയതി 7-12-17 ആണ്. അന്നു തന്നെ സൈറ്റ് കരാറുകാരന് കൈമാറിയിട്ടുണ്ട്.കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ടത് 14-3-18 ആണ്. എന്നാൽ 2-3-18ന് നിർവ്വഹണോദ്യോഗസ്ഥൻ സൈറ്റ് കണ്ടീഷൻ അനുസരിച്ച് ഷീറ്റിന്റെ വിസ്തീർണ്ണം അനുവദനീയമായതിലും കൂടിയതിനാൽ പിഎസിയിൽ മാറ്റമില്ലാത്ത വിധത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അനുമതി തേടി(RE/AAE/LSGD/ABP/17-18)ആദ്യത്തെ എസ്റ്റിമേറ്റ് പ്രകാരം നിലവിലുള്ള ഒരുമുറി റീ പ്ളാസ്ററററിംഗ്, ഫാൾസ് സീലിംഗ് എന്നിവ ചെയ്ത് ഡയാലിസിസ് സെന്ററിന് പശ്ചാത്തലസൗകര്യമൊരുക്കുക എന്നതായിരുന്നു. എന്നാൽ റിവൈസ്ഡ് എസ്ററിമേറ്റ് പ്രകാരം ചെയ്ത പ്രവൃത്തി സിഎച് സി കെട്ടിടത്തിന്റെ രണ്ടാം നിലയ്ക്ക് മുകളിൽ ട്രസ്സ് വർക്കാണ്. റിവേഴ്സ് ഓസ്മോസിസ് വാട്ടർ ട്രീറ്റ്മെന്റ് പ്ളാന്റ് സ്ഥാപിക്കാനാണ് ട്രസ്സ് വർക്ക് ചെയ്തതെന്ന വിശദീകരണമാണ് ലഭിച്ചത്. എന്നാൽ വളരെ പഴക്കം ചെന്ന കെട്ടിടത്തിന് ആർ ഒ പ്ളാന്റ് സ്ഥാപിക്കാനുള്ള സ്ട്രക്ചറൽ സ്റ്റെബിലിറ്റി ഉണ്ടോയെന്ന് വിദഗ്ദോപദേശം തേടിയിട്ടില്ല.

മറ്റൂർ സി.എച്.സി. യിലെ പഴയകെട്ടിടങ്ങൾ പൊളിച്ചുമാറ്റി ആധുനീകരിക്കുന്നതിനുള്ള ഒരു മാസ്റ്റർ പ്ലാൻ ബ്ലോക്ക് തലത്തിൽ തന്നെ ആരംഭിച്ചിട്ടുണ്ട്. അതുനടപ്പിലായാൽ നിലവിലുള്ള പഴയ കെട്ടിടങ്ങൾ പൊളിച്ചുനീക്കേണ്ടി വരും.

പ്രോജക്ട് നടപ്പിലാക്കുമ്പോഴോ, ഓഡിറ്റ് കാലയളവിലോ സിഎച്സിയിലെ ഡയാലിസിസ് സെന്ററിനോ അതിനുള്ള ടെക്നിക്കൽ തസ്തികകൾക്കോ സർക്കാർ അനുമതി ലഭിച്ചിട്ടില്ല. ഉപകരണങ്ങൾ വാങ്ങാനുള്ള ഫണ്ട് കണ്ടെത്തിയിട്ടില്ല. ഗ്രാമീണമേഖലയിൽ സർക്കാർ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരോഗ്യ രംഗത്തെ വലിയൊരു മുന്നേറ്റമാണ് എന്നതിൽ സംശയമില്ല. അതിനുവേണ്ടി പശ്ചാത്തല സൗകര്യമൊരുക്കേണ്ടതും ആവശ്യമാണ്. പക്ഷെ മേൽ പ്രോജക്ടിൽ പേരുകൊണ്ടുമാത്രമാണ് ഡയാലിസിസ് സെന്ററുമായി ബന്ധം വരുന്നത്. പ്രോജക്ടിന് ഉപയോഗിക്കേണ്ടിയിരുന്ന തുക യാതൊരു പ്രയോജനവുമില്ലാത്ത പ്രവൃത്തിക്ക് ഉപയോഗിച്ച് ഫണ്ട് പാഴാക്കുകയാണുണ്ടായത്. പ്രയോജനപ്രദമായ പദ്ധതികൾ ആവിഷ്കരിച്ച് പ്ളാൻ ഫണ്ട് ദുരുപയോഗം ചെയ്യുന്നില്ല എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

## 3-2 വൃദ്ധജനങ്ങൾക്ക് മരുന്നുവാങ്ങൽ പ്രോജക്ട് ഫലപ്രദമായില്ല

| | |
|---|---|
| പ്രോജക്ട് | വൃദ്ധജനങ്ങൾക്ക് മരുന്നുവാങ്ങൽ |

| | |
|---|---|
| അടങ്കൽ | 960000/- (വികസനഫണ്ട്-ജനറൽ) |
| പ്രോജക്ട് നം | S 0053/2016-17 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ ,സി.എച്ച്.സി |
| ബിൽ നം | 3/17-18/30-6-17 -500000<br>8/17-18/ 30-6-17-46000 |

വൃദ്ധജനങ്ങൾക്ക് മരുന്നുവാങ്ങൽ എന്ന പ്രോജക്ടിൽ 960000/ ചെലവഴിച്ച് കണ്ണ്/കിഡ്നി /ഹൃദയസംബന്ധമായ അസുഖങ്ങൾ, കാൻസർ, ജീവിത ശൈലീ രോഗങ്ങൾ എന്നിവയ്ക്ക് 5 പി.എച്ച്.സി. കളിലേയ്ക്ക് മരുന്ന് ബൾക് പർച്ചേസ് നടത്തിയിട്ടുണ്ട്. പത്രത്തിൽ പ്രാദേശിക കോളത്തിൽ വാർത്ത നൽകിയാണ് ഗുണഭോക്താക്കളെ കണ്ടെത്തിയത്. എന്നാൽ 15-1-18ലെ അടിയന്തിര കമ്മറ്റി യോഗത്തിലെ 22(2) തീരുമാനത്തിൽ മേൽ പ്രോജക്ടിൽ വിതരണം ചെയ്യാൻ സാധിക്കാതെ വന്ന മരുന്നുകൾ അപേക്ഷകരെ കൂടാതെ ആശുപത്രിയിൽ വരുന്നവർക്ക് കൂടി നല്കാൻ തീരുമാനമെടുത്തിട്ടുണ്ട്. പി.എച്ച്.സി., സി.എച്ച്.സി. തലത്തിൽ വളരെക്കുറച്ച് അപേക്ഷകരെ മാത്രമാണ് കണ്ടെത്താൻ കഴിഞ്ഞത്. അപേക്ഷകരിൽ തന്നെ പലരും വീണ്ടും മരുന്ന് വാങ്ങാൻ എത്തിയില്ല. മരുന്നുകൾ പലതും വളരെ വിലകൂടിയതായിട്ടുപോലും ആവശ്യക്കാർ ഉണ്ടായില്ല. 9,60,000 രൂപയുള്ള മരുന്നുകൾ കൃത്യമായ ഇൻഡെന്റ്/ആവശ്യകത കണക്കാക്കാതെ ഒരുമിച്ച് വാങ്ങിയതും, സ്പെഷ്യലൈസ്ഡ് മരുന്നുകളായതിനാൽ അതിൽ പലതും പി.എച്ച്.സി, സി.എച്ച്.സി. കളെ ആശ്രയിക്കുന്ന സാധാരണ രോഗികൾക്ക് ആവശ്യമില്ലാത്തതായതിനാലും, മരുന്നുകൾ കൃത്യമായ കാലാവധി തീയതിക്കുള്ളിൽ ഉപയോഗിക്കേണ്ടതിനാലും തന്നെയാണ് മേൽ കമ്മറ്റി തീരുമാനം എടുക്കേണ്ടി വന്നത്. അതുകൊണ്ടുതന്നെ കൃത്യമായി ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിയാതെ മരുന്നുകൾ ബാക്കി വന്നു. മരുന്നിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കാതിരുന്നതിനാൽ എത്ര രൂപയുടെ മരുന്ന് ബാക്കിയായി എന്ന് പരിശോധിക്കാൻ കഴിഞ്ഞില്ല. വളരെ കുറച്ച് പേർക്ക് മാത്രം പ്രയോജനപ്പെട്ടുള്ളൂ എന്നതിനാൽ പ്രോജക്ട് ഒരു വിജയമായിരുന്നില്ല. ബ്ലോക്ക് തലത്തിൽ ഇത്ര വലിയ തുക ചെലവഴിച്ച് പ്രോജക്ട് നടപ്പാക്കുമ്പോൾ അത് കൂടുതൽ പേരിലേയ്ക്ക് എത്തിക്കാനും ശ്രമിക്കേണ്ടതാണ്.

## 3-3 പട്ടികജാതി യുവാക്കൾക്ക് വിദേശത്ത് ജോലി-രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നം, പേര് | 28/17-18. തൊഴിൽ വൈദഗ്ദ്യ പരിശീലനവും വിദേശത്ത്<br>പോകുന്നതിന് ധനസഹായവും |
| അടങ്കൽ,ഫണ്ട് | 700000, എസ്.സി.പി |
| ചെലവ് | 700000 |
| ബിൽ നം. തീ | 01/2017-18 തീ 30.06.2017 |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |

11.01.2016 ലെ സർക്കാർ ഉത്തരവ് നം 04/2016/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയിൽ എസ്.സി യുവാക്കളെ ഇലക്ട്രീഷ്യൻ, പ്ലംബർ, ഫാബ്രിക്കേറ്റർ, എന്നീ തസ്തികയിൽ 3 മാസത്തെ വിദഗ്ധ പരിശീലനം നല്കി പ്രസ്തുത തസ്തികയിൽ വിദേശത്ത് തൊഴിൽ ഉറപ്പ് വരുത്തുന്നതാണെന്നും ആയതിന് വേണ്ട വിസ, മെഡിക്കൽ ടെസ്റ്റ്, വിമാന ടിക്കറ്റ് എന്നിവ പ്ലാൻ ഫണ്ടിൽ നിന്നും ഉറപ്പ് വരുത്തുന്നതാണെന്നും നിഷ്കർഷിക്കുന്നു. ഇതനുസരിച്ച് പട്ടികജാതി വികസന ഓഫീസർ മേൽ പ്രോജക്ട് പ്രകാരം 7,00,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. 14 ഗുണഭോക്താക്കളുടെ കോഴ്സ് ഫീ (50000*14) യായ 700000 ലക്ഷം രൂപ കോഴ്സ് നടത്തിയ സ്ഥാപനമായ എക്സ്പോയർ അക്കാദമിയുടെ അക്കൗണ്ട് നം 10020200018956 ലേക്ക് നല്കിയിട്ടുണ്ട്. എന്നാൽ 13 ഗുണഭോക്താക്കളുമായി മാത്രമേ പട്ടികജാതി വികസന ഓഫീസർ കരാറിൽ ഏർപ്പെട്ടിട്ടുള്ളൂ. കൂടാതെ 13 പേരുടെ കോഴ്സ് സർട്ടിഫിക്കറ്റ് മാത്രമേ ഫയലിലുണ്ടായിരുന്നുള്ളൂ. മേൽ പരാമർശം ചൂണ്ടിക്കാട്ടി ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയപ്പോൾ (നം 04/20.02.19) ഒരാളുടെ കൂടി കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കിയെങ്കിലും കരാറിന്റെ പകർപ്പ് ലഭ്യമാക്കിയില്ല. കൂടാതെ വിദേശത്ത് ജോലി നേടിയെന്നത് തെളിയിക്കുന്നതിന് ഒരു രേഖയും ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതുവരെ 50000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-4 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- ചെലവു തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി 2017-18 വർഷം നടപ്പിലാക്കിയ താഴെപറയുന്ന പ്രോജക്ടുകളുടെ ചെലവു തുക അതാതു പ്രോജക്ടുകളുടെ കോളത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന കാരണങ്ങളാൽ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം | പ്രോജക്റ്റ് നം, പേര് | ബിൽ നം, തീയതി | ചെലവഴിച്ച തുക | തുക തടസ്സപ്പെടുത്തുന്നതിനുള്ള കാരണം |
|---|---|---|---|---|
| 1 | 87/18, സാക്ഷരതാ കേന്ദ്രത്തിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ | 265971 23.03.18 | 40360 മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | കേരള സ്റ്റേറ്റ് ഐ.ടി മിഷന് തുക കൈമാറിയെങ്കിലും കമ്പ്യൂട്ടർ നാളിതു വരെ ലഭിച്ചിട്ടില്ല. |
| 2 | 106/18-പട്ടികജാതി കോളനികളിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 851627 20.01.18 | 415815 വികസനഫണ്ട് (എസ്.സി.പി) | കേരള വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചെങ്കിലും പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 3 | 118/17-18-കാഞ്ഞൂർ പഞ്ചായത്തിലെ ബഡ്സ് സ്കൂളിൽ അടിസ്ഥാന സൗകര്യമൊരുക്കൽ | 109383 07.03.18 | 850400 (വികസനഫണ്ട് – ജനറൽ) | ബഡ്സ് സ്കൂളിൽ അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് കാഞ്ഞൂർ പഞ്ചായത്തിന് നൽകിയ 8,50,400/-രൂപയിൽ 3,29,400/-രൂപയേ ചെലവഴിച്ചിട്ടുള്ളൂ. ബാലൻസ് തുകയായ 5,21,000/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. |
| 4 | 120/17-18-കറുകുറ്റി പഞ്ചായത്തിൽ പൊതുശ്മശാനം നിർമ്മാണം- വിഹിതം നൽകൽ | 77870 27.02.18 | 15,00,000 (വികസനഫണ്ട്- ജനറൽ) | പൊതുശ്മശാനം നിർമ്മാണത്തിനായി കറുകുറ്റി പഞ്ചായത്തിന് നൽകിയ തുകയൊന്നും ചെലവഴിച്ചിട്ടില്ല.പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. |
| | ആകെ തടസ്സപ്പെടുത്തിയ തുക | | 24,77,175 | |

# 3-5 വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ സംബന്ധിച്ച്

30.06.2007ലെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ജി.ഒ.(എം.സ്) 170/2007 ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ 10000/- രൂപയ്ക്ക് മേൽ ചെലവ് വരുന്ന എല്ലാ അറ്റകുറ്റപണികൾ ബന്ധപ്പെട്ട സ്വയം ഭരണ സ്ഥാപനത്തിന്റെ കമ്മറ്റിയുടെ /കൗൺസിലിന്റെ അംഗീകാരത്തോടെ ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ മാത്രം ചെയ്യിക്കേണ്ടതാണെന്നും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ അറ്റകുറ്റപ്പണിയുടെ പ്രതീക്ഷിക്കുന്ന മതിപ്പ് ചെലവ് കസ്റ്റോഡിയൻ ഓഫീസറോ, എഞ്ചിനീയറോ കണക്കാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള വാഹനങ്ങളുടെ അറ്റകുറ്റപ്പണികളുടെ ചെലവ് വിവരം താഴെച്ചേർക്കുന്നു.

| ക്രമനം | വാഹനത്തിന്റെ നം, ബിൽ നം, തീയതി | സ്ഥാപനത്തിന്റെ പേര് | ചെക്ക് നം, തീയതി | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | കെ.എൽ.41- ഡി-1328 RBR18B000537 29.06.17 | ഇറാം മോട്ടേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശൂർ | 2289723, 18.07.2017 | 28184 |

| | | | | |
|---|---|---|---|---|
| 2 | കെ.എൽ.63-1000 RBR18B001377 05.10.17 | ഇറാം മോട്ടേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശൂർ | 6168573 30.10.2017 | 24205 |
| 3 | കെ.എൽ.41-ഡി-1328 RBR18B001431 | ഇറാം മോട്ടേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശൂർ | 7309302 22.11.2017 | 14830 |

മേൽ ബില്ലുകൾ പ്രകാരം തുക ചെലവഴിച്ചതിന് സർക്കാർ ഉത്തരവനുസരിച്ചുള്ള നടപടി ക്രമങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം 05/20.02.19)നല്കിയിരുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള രണ്ട് വാഹനങ്ങളും മഹീന്ദ്ര അംഗീകൃത വർക്ക്ഷോപ്പായ ഇറാം മോട്ടോഴ്സ് പ്രൈ.ലിമിറ്റഡിൽ ആണ് അറ്റകുറ്റ പണികൾ നടത്തിയിട്ടുള്ളതെന്നും, വകുപ്പിന്റെ കീഴിലുള്ള മൂവാറ്റുപുഴ വർക്ക്ഷോപ്പിൽ സൗകര്യമില്ലാതിരുന്നതുകൊണ്ടാണ് ഇറാം മോട്ടോഴ്സിൽ അറ്റകുറ്റ പണികൾ ചെയ്യിച്ചതെന്നും ഭാവിയിൽ ഇത്തരം നടപടിക്രമങ്ങളിലെ അപാകതകൾ ഒഴിവാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പൊതുപണം ചെലവഴിക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 3-6 നിർമ്മൽ പുരസ്കാരത്തുക ചെലവഴിക്കാതെ അവശേഷിക്കുന്നു

320100115-TSC എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 2017-18 വർഷം 22,08,190/- രൂപ നീക്കിയിരിപ്പുണ്ട്. മുൻ വർഷത്തെ നീക്കിയിരിപ്പ് 21,26,453/-രൂപയുണ്ടായിരുന്നു. ഇത് ഏത് പ്രത്യേകാവശ്യത്തിന് ലഭിച്ച ഫണ്ടാണ്, ഈ ആവശ്യത്തിലേക്ക് ആകെ ലഭ്യമായ തുകയുടേയും ചെലവഴിച്ച തുകയുടേയും വിശദാംശങ്ങൾ മുതലായവ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് താഴെ പറയും പ്രകാരമാണ് മറുപടി ലഭ്യമാക്കിയത്.

26/08/2010 ൽ നിർമ്മൽ പുരസ്കാരമായി 19,00,000/- രൂപ ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചിരുന്നു. ഇതിൽ 4,00,000/-രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ബാക്കി തുകയും അതിന് ലഭിച്ച ബാങ്ക് പലിശയുമുൾപ്പെടുന്ന തുകയാണിതെന്നും കാനറാ ബാങ്കിന്റെ അങ്കമാലി ശാഖയിലെ അക്കൗണ്ടിലാണ് (അക്കൗണ്ട് നം 2774101010881) നിലവിൽ പണം നിക്ഷേപിച്ചിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്. ബാലൻസ് ഷീറ്റിലെ ബി 17 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് തുക കൃത്യമാണ്. നിർമ്മൽ പുരസ്കാര തുക വിനിയോഗിക്കാവുന്ന മേഖലകളിൽ തുക ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 ഐ.എ.വൈ ഭവന പദ്ധതി -ബാലൻസ് ഫണ്ടിന്റെ കൃത്യത ഉറപ്പ് വരുത്തണം

2017-18 വാർഷിക കണക്ക് പ്രകാരം 320100113-IAY-Minorities എന്ന ഹെഡ് ഓഫ്

അക്കൗണ്ടിൽ 21,16,159/- രൂപയും 320100110-IAY General എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 4,43,077/-രൂപയും നീക്കിയിരിപ്പുണ്ട്. ഐ.എ.വൈ ഭവന പദ്ധതിക്കു വേണ്ടി കേന്ദ്ര-സംസ്ഥാന വിഹിതമായി ലഭിച്ച തുക പൊതു മേഖലാ ബാങ്കുകളിൽ നിക്ഷേപിച്ച് ചെലവഴിച്ച് പോരുകയാണുണ്ടായത്. ഈ ആവശ്യത്തിലേക്കായി തുടങ്ങിയ ബാങ്ക് അക്കൗണ്ടുകളിലെ 31.03.2018 ലെ നീക്കിയിരിപ്പുതുക താഴെ ചേർക്കുന്നു.

| ബാങ്കിന്റെ പേര് | അക്കൗണ്ട് നം | 31.03.2018 ലെ നിക്കിയിരിപ്പുതുക |
|---|---|---|
| യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ അങ്കമാലി | 13284 | 97,35,748 |
| യൂക്കോ ബാങ്ക് അങ്കമാലി | 24546 | 47,56,357 |

ഇത് വാർഷിക കണക്കു പ്രകാരമുള്ള പ്രസ്തുത ഹെഡ് ഓഫ് അക്കൗണ്ടുകളിലെ നീക്കിയിരിപ്പു തുകയുമായി പൊരുത്തപ്പെടുന്നില്ല. 2017-18 ൽ ഈ ഹെഡിൽ നിന്നും ചെലവുണ്ടായിട്ടില്ല. വാർഷിക കണക്ക് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ജേർണൽ എൻട്രി നടത്തിയതിൽ വന്ന തെറ്റുകൊണ്ടാണ് ബാലൻസ് തുക പൊരുത്തപ്പെടാതെ പോയതെന്നാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 01/15.02.19)മറുപടി ലഭ്യമാക്കിയത്. ഐ.എ.വൈ ഭവന പദ്ധതി 2015-16 വർഷത്തോടെ നിർത്തലാക്കിയ സാഹചര്യത്തിൽ ഈയിനത്തിലെ ഫണ്ട് ബാലൻസിന്റെ കൃത്യത ഉറപ്പു വരുത്തേണ്ടതാണ്.

ഐ.എ.വൈ ഭവന പദ്ധതിക്ക് പകരമായി 2016-17 മുതൽ പ്രധാൻ മന്ത്രി ആവാസ് യോജന (ഗ്രാമീൺ)- (പി.എം.എ.വൈ) എന്ന പേരിലാണ് കേന്ദ്ര സർക്കാർ ഭവനപദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. അങ്കമാലി ബ്ലോക്ക് പഞ്ചായത്തിലെ പി.എം.എ.വൈ പദ്ധതി പ്രകാരമുള്ള ഭവനനിർമ്മാണത്തിന്റെ 2017-18 വരെയുള്ള അവസ്ഥ ലഭ്യമാക്കിയ രേഖകളനുസരിച്ച് താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| 2016-17 ലെ ടാർജറ്റ് | 71 |
| 2016-17 മാർച്ച് 31 വരെ കരാർ വച്ച് അംഗീകരിച്ചത് | 26 |
| 2016-17 ൽ ഭവനനിർമ്മാണം പൂർത്തീകരിച്ചത് | 0 |
| 2017-18 ലെ ടാർജറ്റ് | 0 |
| 2017-18ൽ കരാർ വച്ച് അംഗീകരിച്ചത് | 13 |

| | |
|---|---|
| 2017-18 വരെയുള്ള ആകെ എണ്ണം | 39 |
| 2017-18 ൽ ഭവനനിർമ്മാണം പൂർത്തീകരിച്ചത് | 26 |
| ഭവനനിർമ്മാണം പൂർത്തീകരിക്കാൻ ബാക്കിയുള്ളവരുടെ എണ്ണം | 13 |

# 3-8 മരാമത്ത് പ്രവൃത്തികൾ- അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിൽ തൻ വർഷം 2,35,36,081/- രൂപ മരാമത്ത് പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ അധികം തുകയും ചെലവഴിച്ചത് ജലസേചന കനാലുകളുടെ നവീകരണത്തിനും വിവിധ സ്ഥലങ്ങളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനുമാണ്. കൂടാതെ വിവിധ റോഡ് മെയിന്റനൻസ് പ്രവൃത്തികളും കെട്ടിട നിർമ്മാണവും തൻവർഷം നടത്തിയിട്ടുണ്ട്. പ്രവൃത്തി ഏറ്റെടുക്കുന്ന റോഡുകളുടെയും കനാലുകളുടേയും ആകെ നീളമോ ചെയിനേജോ എസ്റ്റിമേറ്റ് റിപ്പോർട്ടിലോ എസ്റ്റിമേറ്റിലോ എംബുക്കിലോ ഒന്നും രേഖപ്പെടുത്തുന്നതായി കാണുന്നില്ല. പ്രവൃത്തി ചെയ്യുന്ന ഭാഗത്തിന്റെ ചെയിനേജ് രേഖപ്പെടുത്താത്തതിനാൽ സ്ഥലം നേരിൽ പോയി പ്രവൃത്തി ചെയ്തത് പരിശോധിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. മാത്രമല്ല, പ്രവൃത്തികൾ പൂർത്തിയാക്കിയെന്നുള്ള മോണിറ്ററിംഗ് റിപ്പോർട്ടുകൾ മിക്ക ഫയലുകളിലും ഉള്ളടക്കം ചെയ്തിട്ടില്ലാത്തതിനാൽ പ്രവൃത്തികൾ ചെയ്തിട്ടുണ്ടോ എന്നുറപ്പാക്കാൻ പോലും കഴിയുന്നില്ല. ഓരോ വർഷവും വിവിധ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കായി പൈപ്പുകൾ സ്ഥാപിക്കുന്നുണ്ട്. എത്ര മീറ്റർ നീളത്തിൽ എവിടെവരെ ഏതെല്ലാം ഭാഗത്ത് പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ടെന്നതിന് ഒരു വിവരവും ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമല്ല. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലും അപാകത കാണുന്നു. പല പ്രവൃത്തികൾക്കും ആവശ്യത്തിലധികം മെറ്റീരിയൽസിന്റെ അളവ് എസ്റ്റ്മേറ്റിൽ ഉൾപ്പെടുത്തുന്നു. റൂഫിംഗ് പ്രവൃത്തിക്കുള്ള ട്രസ്സ് വർക്കിന് ചതുരശ്ര മീറ്ററിന് ഏകദേശം 6 കിലോ വരെ ജി.ഐ പൈപ്പുകൾ മതി എന്നിരിക്കേ ചതുരശ്ര മീറ്ററിന് 25കിലോ വരെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭൂരിഭാഗം മരാമത്ത് പ്രവൃത്തികളുടേയും എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടാണ് പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുള്ളത്.

2017-18 ൽ ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ വിവിധ ജലസേചന പദ്ധതികളുടെ ചെലവു വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം, പേര് | ചെലവഴിച്ച തുക |
|---|---|---|
| 1 | 11/17-18, ഉഞ്ഞാടാം മണിയാംകുഴി എൽ.ഐ-പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 320416 |
| 2 | 14/17-18-കരയാംപറമ്പ് വെസ്റ്റ് കർഷകസമിതി-എൽ.ഐ- | 816653 |

| | | |
|---|---|---|
| | മോട്ടോർസെറ്റ് സ്ഥാപിക്കൽ | |
| 3 | 33/17-18-കാഞ്ഞൂർ-പള്ളിക്കടവ് ലീഡിംഗ് ചാനൽ | 827066 |
| 4 | 44/17-18-മഞ്ഞിക്കാട് പാടം കുളം എൽ.ഐ.നവീകരണം | 391096 |
| 5 | 45/17-18-നോർത്ത് കിടങ്ങൂർ എൽ.ഐ.നവീകരണം | 767014 |
| 6 | 46/17-18-ചെറുചാൽ പുഞ്ച എൽ.ഐ.നവീകരണം | 629250 |
| 7 | 47/17-18-കാളാർകുഴി സഹകരണ സംഘം ലീഡിംഗ് ചാനൽ | 667754 |
| 8 | 48/17-18-കരയാംപറമ്പ് എൽ.ഐ.നവീകരണം | 1294132 |
| 9 | 79/17-18-മരങ്ങാടം എൽ.ഐ.എക്സ്റ്റൻഷൻ | 415350 |
| 10 | 107/17-18-കാളാർകുഴി ലീഡിംഗ് ചാനൽ-രണ്ടാം വർഷം(ബഹു വർഷം) | 443999 |
| 11 | 111/17-18-ആനപ്പാറ റോഡ് ലീഡിംഗ് ചാനൽ നവീകരണം | 500060 |
| | ആകെ | 70,72,790 |

മേൽ പ്രകാരം വിവിധ ജലസേചന പദ്ധതികൾക്കായി 2017-18 ൽ മാത്രം 70,72,790/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വാർഷിക കണക്കിൽ ആസ്തി വിവരം പ്രകാരം ഈയിനത്തിൽ (410500101-irrigation sources-wells,check dams, lfft irrigation etc ) 77,593/-മാത്രമേ ഉൾപ്പെടുത്തിക്കാണുന്നുള്ളൂ. ആസ്തി രജിസ്റ്റർ യഥാസമയം അപ്ഡേറ്റ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 ഫണ്ട് വകയിരുത്തുന്നത് കുറവ്

ക്ഷീര കർഷകർക്ക് സബ്സിഡി, ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്. തുടങ്ങിയ സംയുക്ത പ്രോജക്റ്റുകളിൽ സർക്കാർ വിഭാവനം ചെയ്യുന്ന സബ്സിഡി/ധനസഹായം പൂർണ്ണമായ തോതിൽ നൽകാൻ ഗ്രാമപഞ്ചായത്തുകൾക്ക് കഴിയും വിധം ബ്ലോക്ക് പഞ്ചായത്തിൽനിന്നും ഫണ്ട് നൽകുന്നതായി കാണുന്നില്ല. ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ചൈൽഡ് ഡവലപ്മെന്റ് പ്രോജക്റ്റ് ഓഫീസർ എന്നിവർ നടപ്പിലാക്കിയ താഴെ പറയുന്ന രണ്ട് പ്രൊജക്ടുകളിലും താരതമ്യേന കുറഞ്ഞ തുകയാണ് വകയിരുത്തിയിട്ടുള്ളത്.

| പ്രോജക്റ്റിന്റെ നം, പേര് | ചെലവഴിച്ച തുക | നിർവഹണോദ്യോഗസ്ഥൻ |
|---|---|---|
| 81/17-18, ക്ഷീര കർഷകർക്ക് സബ്സിഡി | 11,00,000 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ, |

| | | |
|---|---|---|
| 1/17-18, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 6,50,000 | ചൈൽഡ് ഡവലപ്മെന്റ് പ്രോജക്റ്റ് ഓഫീസർ |
| 6/17-18,ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 5,50,000 | ചൈൽഡ് ഡവലപ്മെന്റ് പ്രോജക്റ്റ് ഓഫീസർ |

വകുപ്പ് വിഹിതവും ചേർത്ത് ഒരു ലിറ്റർ പാലിന് 4 രൂപയാണ് ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് നിലവിൽ സബ്സീഡി അനുവദിക്കാവുന്നത്. ക്ഷീര കർഷകർക്ക് സബ്സിഡി (പ്രോജക്റ്റ് നം 81/17-18) പദ്ധതി പ്രകാരം തൻവർഷം 11,00,000/-രൂപയാണ് ചെലഴിച്ചിട്ടുള്ളത്. ഇത് താഴെ പറയും പ്രകാരം വിവിധ പഞ്ചായത്തുകൾക്ക് കൈമാറിയിരിക്കുന്നു. കാഞ്ഞൂർ പഞ്ചായത്തിന് തുക നൽകിയിട്ടുമില്ല. ബ്ലോക്ക് വിഹിതം വളരെ കുറവായതിനാലും പഞ്ചായത്തിലും ഈ പദ്ധതിക്കായി ഫണ്ട് വകയിരുത്തുന്നത് കുറവായതിനാലും ക്ഷീരകർഷകർക്ക് അർഹമായ സബ്സിഡി ലഭിക്കാത്ത സാഹചര്യമാണുള്ളത്.

| ഗ്രാമ പഞ്ചായത്ത് | തുക |
|---|---|
| മഞ്ഞപ്ര | 200000 |
| മലയാറ്റൂർ-നീലേശ്വരം | 100000 |
| മൂക്കന്നൂർ | 200000 |
| കറുകുറ്റി | 200000 |
| കാലടി | 100000 |
| അയ്യമ്പുഴ | 200000 |
| തുറവൂർ | 100000 |
| ആകെ | 11,00,000 |

പ്രോജക്റ്റ് നം 1/17-18, 6/17-18 എന്നിവയിലായി 12,00,000/-രൂപയാണ് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് എന്ന പദ്ധതിക്കായി

ചെലവഴിച്ചിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള 8 പഞ്ചായത്തുകൾക്കായി ഈ തുക കൈമാറിയിരിക്കുന്നു. 27,500 രൂപയാണ് മാനസിക വെല്ലുവിളി നേരിടുന്ന ഒരു കുട്ടിക്ക് യഥാർത്ഥത്തിൽ ലഭിക്കേണ്ടത്. മിക്ക പഞ്ചായത്തുകളിലും ഫണ്ടിന്റെ അപര്യാപ്തത മൂലം സ്കോളർഷിപ്പ് തുക പരിമിതപ്പെടുത്തി നൽകുകയാണ് പതിവ്.

സമൂഹത്തിലെ ഏറ്റവും ദുർബല വിഭാഗങ്ങൾക്ക് കൂടി ഉപകരിക്കത്തക്കവിധം പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതിലേക്ക് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

തൻ വർഷം വരവ്-ചെലവുകളില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പട്ടികജാതി കോളനിയിലേക്ക് കുടിവെള്ള പദ്ധതി | 851627/20.01.2018 | 415815 | 0 | 415815 |

ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. കുടിവെള്ള പദ്ധതിക്കായി ഡെപ്പോസിറ്റ് വർക്കിന് തുക നൽകുമ്പോൾ 460500201-advance to implementing agencies-KWA, എന്ന ശീർഷകത്തിലാണ് ചെലവുതുക രേഖപ്പെടുത്തേണ്ടത്. വിനിയോഗസാക്ഷ്യപത്രം ലഭിച്ചതിനുശേഷം മാത്രം ആസ്തിയായി മാറ്റേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| പ്രോജക്ട് | പ്രവൃത്തിയുടെ | വൗച്ചർ | അഡ്വാൻസ് | കൺവീനറുടെ | ചെലവഴിക്കാൻ |
|---|---|---|---|---|---|

| നം | പേര് | നമ്പർ/ ചെക്ക് നം. | തുക | പേര് | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇല്ല | | | | | |

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

2017-18 വർഷം വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | | | 6865000 | 3877396 | 2365000 | 0 | 1512396 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷത്തിൽ ലഭിച്ച 919/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 1998-99 | 1-30 | 919 | ശിവൻഎം.വി | 117020100043 തീയതി 12.01.18 |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23ാം- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ

അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 3-6 | 2005-06 | 2.35.1 | ജനകീയ ഭവന പദ്ധതി | പൂർത്തിയാക്കാത്ത ഭവനങ്ങൾ പൂർത്തിയാക്കാനും മഞ്ചപ്ര ഗ്രാമ പഞ്ചായത്തിൽ വിജിലൻസ് അന്വേഷണ പ്രകാരം നടപടി സ്വീകരിക്കാനും അക്കൗണ്ട്സ് കമ്മിറ്റി ശുപാർശ ചെയ്തു. |
| 2000-01 | 3-9 | 2005-06 | 2.35.2 | മുൻകൂർ നൽകി പൂർത്തിയാക്കാത്ത പദ്ധതികൾ | ഒരു പ്രവൃത്തി ഒഴികെ ബാക്കിയുള്ളവയുടെ റവന്യൂറിക്കവറി പൂർത്തീകരിച്ചു. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് ₹ | 5,56,26,235 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് ₹ | 6,21,81,134 |
| വരവിനങ്ങളിലുള്ള നഷ്ടം ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക ₹ | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക ₹ | 25,27,175/- |

(ബി) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-3 | 50,000 | ശ്രീ.അഗസ്റ്റിൻ. സി.പി,<br>പട്ടികജാതി വികസന ഓഫീസർ |
| 3-4 | 24,77,175 | ശ്രീമതി. രാധാമണി.ടി.സി<br>ജോയിന്റ് ബി.ഡി.ഒ |
| ആകെ | 25,27,175 | |

.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/തടസ്സത്തിനുത്തരവാദികളായവരുടെ മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. രാധാമണി.ടി.സി<br>ജോയിന്റ് ബി.ഡി.ഒ | ജോയിന്റ് ബി.ഡി.ഒ<br>അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് | പീച്ചനാട്ട് വീട്,<br>കാഞ്ഞൂർ പി.ഒ |
| ശ്രീ.അഗസ്റ്റിൻ.സി.പി.<br>പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ<br>പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് | ചിറ്റൂപ്പറമ്പൻ വീട്,<br>മൂക്കന്നൂർ<br>പി.ഒ-683577 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | എൽ.എഫ്.ഇ(ബി.പി)/149/13<br>തീയതി. 23-08-13 |
| 1999-2000 | എൽ.എഫ്.ഇ(സി4)2355/11<br>തീയതി. 03-03-12 |

| | |
|---|---|
| 2000-01 | എൽ.എഫ്.ഇ(സി4)/2355/11<br>തീയതി. 03-03-12 |
| 2001-02 | എൽ.എഫ്.ഇ(ബി.പി)/149/13<br>തീയതി. 23/08/2013 |
| 2002-03 | എൽ.എഫ്.ഇ(ബി.പി)/2355/11<br>തീയതി. 03-03-2012 |
| 2003-04 | എൽ.എഫ്.ഇ(ബി.പി1)/2355/11<br>തീയതി. 03-03-2012 |
| 2007-08 | എൽ.എഫ്.ഇ(ബി.പി)/149/13<br>തീയതി. 23-08-2013 |
| 2008-09 | എൽ.എഫ്.ഇ(ബി.പി2)/2020/13<br>തീയതി. 10/03/2014 |
| 2009-10 | എൽ.എഫ്.ഇ(ബി.പി2)/149/13<br>തീയതി. 17/02/2014 |
| 2012-13 | എൽ.എഫ്.ഇ(ബി.പി2)/1914/14<br>തീയതി. 26-02-2015 |
| 2013-14 | എൽ.എഫ്.ഇ(ബി.പി2)524/2015,<br>തീയതി.08-04-2015 |
| 2014-15 &<br>2015-16 | കെ.എസ്.എ.ഇ.കെ.എം(ബി.പി.2)1631/2016<br>തീയതി 29.09.2017 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(ബി.പി.)2024/2017<br>തീയതി 30.11.2017 |

.

ജോയിന്റ് ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ല

.

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇകെഎം(ബി.പി)288/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം

തീയതി: 12.03.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം

കെ.എസ്.എ.-ഇ.കെ.എം(ബി.പി)2110/2018 തീയതി 23.10.2018 പ്രകാരം 2017-18 ലെ വാർഷിക ധനകാര്യപത്രികയുടെ പരിശോധനാ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള അപാകതകൾ

ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

.

ജോയിന്റ് ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ല